Eparchy of Faridabad

Syro-Malabar Catholic Church

Bishop's House,
1 B/32 N. E. A., Old Rajinder Nagar
New Delhi-110060, India
Tel.: (+91) 9990326245
(+91) 11 25759160
(+91) 11 25812346
E-mail: faridabaddiocese@gmail.com


Circular No: 48/20
Dated: 13.03.2020

## കൊറോണ വൈറസ് - തുടർനിർദ്ദേശങ്ങൾ

മിശിഹായിൽ സ്നേഹമുള്ള വൈദികരെ, വത്സല മക്കളെ,

വ്യാപകമായിക്കൊണ്ടിരിക്കുന്ന കൊറോണ വൈറസ് ബാധയുടെ വിവിധ വശങ്ങളെക്കുറിച്ചു നമുക്ക് അറിവുള്ളതാണല്ലോ. ഈ സാഹചര്യത്തിൽ സ്വീകരിക്കേണ്ടതായ മുൻകരുതലുകളെക്കുറിച്ചു മുൻ സർക്കുലറിൽ സൂചിപ്പിച്ചിരുന്നു. ഗവൺമെന്റിൽനിന്നും ആരോഗ്യവിഭാഗത്തിൽനിന്നും ഇപ്പോൾ ലഭിച്ചിരിക്കുന്ന നിർദേശങ്ങളനുസരിച്ചു പ്രവർത്തിക്കുവാൻ നാം ശ്രദ്ധിക്കേണ്ടതുണ്ട്. നമ്മുടെ ആരോഗ്യപരിപാലനത്തിൽ മാത്രമല്ല, മറ്റുള്ളവരുടെ ആരോഗ്യ പരിപാലന കാര്യങ്ങളിൽ വേണ്ട സഹകരണം ചെയ്തുകൊടുക്കാൻ നമുക്കുള്ള ചുമതലയെക്കുറിച്ചു നമുക്ക് ബോധ്യമുള്ളവരാകാം. പ്രായോഗികമായ ചില കാര്യങ്ങൾ സൂചിപ്പിക്കട്ടെ.

1. മതബോധന ക്ലാസുകൾ ശ്രദ്ധിക്കേണ്ടത്- സ്കൂളുകൾ അടച്ചിരിക്കുന്ന സാഹചര്യത്തിൽ ഇനി ഒരറിയിപ്പ് ഉണ്ടാകുന്നതുവരെ ഞായറാഴ്ച വേദപാഠ ക്ളാസ്സുകൾ ഒഴിവാക്കുന്നു.

2. എന്നാൽ മുൻ നിശ്ചയിച്ചപ്രകാരമുള്ള ഞായറാഴ്ച വേദപാഠ പരീക്ഷ ഉണ്ടായിരിക്കുന്നതാണ്. പാഠങ്ങൾ കുട്ടികൾ വീട്ടിൽ വെച്ച് പഠിച്ചു പരീക്ഷയ്ക്കൊരുങ്ങുവാൻ വേണ്ട നിർദേശങ്ങൾ ബഹു വൈദികർ നല്കുമല്ലോ. മാതാപിതാക്കൾ കുട്ടികളെ പരീക്ഷയ്ക്കൊരുക്കുവാൻ ശ്രദ്ധിക്കണം. കുട്ടികൾ നന്നായി പഠിച്ചൊരുങ്ങി പരീക്ഷ എഴുതുകയും ചെയ്യണം.

3. ഞായറാഴ്ച വിശുദ്ധ കുർബാനയുടെ കാര്യത്തിൽ ശ്രദ്ധിക്കേണ്ടത്- ദൈവജനം വിശുദ്ധ കുർബാനയ്ക്ക് ഒന്നിച്ചു വരുമ്പോൾ ഉണ്ടാകുന്ന അസൗകര്യം ഒഴിവാക്കാൻ കുർബാനയുടെ എണ്ണം കൂട്ടി തിരക്ക് ഒഴിവാക്കി ക്രമീകരിക്കുക. രാവിലെയും ഉച്ച തിരിഞ്ഞും രണ്ടു കുർബാന വീതം ഉണ്ടെങ്കിൽ വലിയ ജനക്കൂട്ടം ഒഴിവാക്കാം. ആവശ്യമായത്ര ഞായറാഴ്ച കുർബാന അർപ്പിക്കുവാനുള്ള അനുവാദം ബഹുമാനപ്പെട്ട വൈദികർക്ക് ഇതിനാൽ നൽകുന്നു.

4. ഇനി ഒരറിയിപ്പുണ്ടാകുന്നതുവരെ കുടുംബയൂണിറ്റുകളിലെ പ്രാർത്ഥനായോഗങ്ങൾ നിർത്തി വയ്ക്കുക. ഇക്കാര്യങ്ങൾ ശ്രദ്ധിക്കുകയും വേണ്ട മുൻകരുതലുകൾ സ്വീകരിച്ചു പ്രാർത്ഥനയോടെ ഈ കാലയളവിൽ നമുക്കായിരിക്കുകയും ചെയ്യാം.

ആർച്ച്ബിഷപ് കുര്യാക്കോസ് ഭരണികുളങ്ങര

NB: ഈ സർക്കുലർ 15.03.2020 ഞായറാഴ്ച്ച ദേവാലയങ്ങളിൽ വായിക്കേണ്ടതാണ്.